പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7276          16.07.2012 - ൽ മറുപടിക്ക്**

**കൊട്ടാരക്കരയിലെ പുതിയ സപ്ലൈകോ ഗോഡൗൺ**

**ചോദ്യം**

**ശ്രീമതി. പി. അയിഷാ പോറ്റി**

എ) കൊട്ടാരക്കരയിൽ സപ്ലൈകോയ്ക്ക് പുതിയ ഗോഡൗൺ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ;

ബി) പ്രസ്തുത ഗോഡൗൺ അനുവദിച്ചത് എന്നാണ്;

സി) ആയതിൻെറ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ), (ബി) & (സി)

കൊട്ടാരക്കര റെയിൽവേ ഓവർ ബ്രിഡ്ജിന് സമീപം 7.04 സെന്റ് വസ്തുവിൽ ഏകദേശം 273 $m^2$ വിസ്തൃതിയിൽ രണ്ടു നില ഓഫീസ് കം ഗോഡൗൺ പണിയുന്നതിന് സപ്ലൈകോ 2.2.2011 ൽ തീരുമാനിച്ചിരുന്നെങ്കിലും സ്ഥല പരിമിതി കാരണം ഗോഡൗൺ നിർമ്മാണത്തിന് അനുവാദം നൽകാൻ കഴിയില്ല എന്നും സ്റ്റോർ കം ഓഫീസ് കെട്ടിടത്തിനു മാത്രമേ അനുമതി നൽകുവാൻ കഴിയൂ എന്നും കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചതിൻെറ അടിസ്ഥാനത്തിൽ അതിനുള്ള അനുമതി പഞ്ചായത്തിൽ നിന്നും പ്രതീക്ഷിക്കുന്നു. റെയിൽവേയുടെ അനുമതികൂടി ലഭിക്കുന്ന മുറയ്ക്ക് സ്റ്റോർ കം ഓഫീസ് നിർമ്മിക്കുന്നതിനായി അനുമതി നൽകാമെന്ന് കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ നിന്നും സപ്ലൈകോയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.